നോവൽ - 10

## കുഞ്ഞാവ

● കെ.ടി ബാബുരാജ്





# ഒരു ചൂട്ടിന്റെ വെളിച്ചം

ഇന്നവർ വരും.

ചിഞ്ചു പറഞ്ഞു. വാലാട്ടിപ്പക്ഷി ചിഞ്ചുവിനെ ചരിഞ്ഞൊന്നു നോക്കി.

ആര്...?

അമ്മമ്മയുടെ അങ്കൻവാടിയിലെ കുട്ടികള്.

എന്തിനാ അവർ വരുന്നത്?

എന്നെ കാണാൻ... ഒന്നു നിർത്തി ചിഞ്ചു പറഞ്ഞു: നിന്നേം കാണാൻ. അമ്മമ്മ നിന്നെക്കുറിച്ചും അവരോട് പറഞ്ഞിട്ടുണ്ട്. നല്ല കുട്ടികളാത്രെ.

എനിക്ക് ബിസ്ക്കറ്റും പഴോം മുട്ടായിയുമൊക്കെ കൊടുത്തയച്ചത് അവരാണ്.

ഒും... ഒും... വാലാട്ടിപ്പക്ഷി ഒന്നൊച്ചവെച്ചു.

അപ്പോൾ ഇന്നും കൊണ്ടുവരുമായിരിക്കും അല്ലേ...

ചിഞ്ചു തലയാട്ടി.

വാലാട്ടിപ്പക്ഷി ഒന്നു ചിറക് കുടഞ്ഞു. ഒരു തൂവൽ പാറിവന്ന് ചിഞ്ചുവിന്റെ കണ്ണിൽ പറ്റിനിന്നു.

ചിഞ്ചു ആ മഞ്ഞത്തൂവലെടുത്ത് പതുക്കെ തലോടി.

നല്ല മിനുസമുള്ള തൂവൽ!

വാലാട്ടിപ്പക്ഷി പെട്ടെന്ന് ചിറകടിച്ച് പറന്നുപോയി. കൂട്ടിൽ അതിന്റെ കുഞ്ഞുങ്ങളെ കാണാൻ പോയതായിരിക്കും.

ചിഞ്ചു ഉച്ചഭക്ഷണം കഴിച്ചു. ഇനി കുറച്ചുനേരം ഉറങ്ങണം. പക്ഷേ, കിടന്നിട്ടും ഉറക്കം വരുന്നില്ല. ഉറങ്ങുമ്പോൾ അവരെങ്ങാനും വന്നാലോ..

ചിഞ്ചു ജാലകത്തിന്റെ അഴികൾ പിടിച്ച് പുറത്തേക്ക് തന്നെ നോക്കിനിന്നു.

ഇടയ്ക്ക് വാലാട്ടിപ്പക്ഷി ഒന്നുകൂടെ വന്നുപോയി. അവളൊരു പഴുത്ത സപ്പോട്ടയും കൊത്തിക്കൊണ്ടാണ് വന്നത്.

വന്നില്ലേ..? വാലാട്ടിപ്പക്ഷി ചോദിച്ചു.

ഇല്ല, വരുമായിരിക്കും.

വെയിൽ മങ്ങാൻ തുടങ്ങി. അയ്യോ! അമ്മമ്മ വരുന്ന നേരവും കഴിഞ്ഞല്ലോ. ചിഞ്ചുവിന് പേടിയായിത്തുടങ്ങി. അവൾ ജാലകത്തിൽ പിടിച്ചു പുറത്തേക്ക് നോക്കിനിന്നു.

വാലാട്ടിപ്പക്ഷിയെയും കാണുന്നില്ലല്ലോ...!

ആരെയും കാണുന്നില്ലല്ലേ!

അവൾക്ക് സങ്കടമായി. അവളുടെ കണ്ണുകൾ നിറഞ്ഞു. വീടിന് മുന്നിലെ ഇടവഴിയിലൂടെ ജോലി കഴിഞ്ഞ് ആളുകളൊക്കെ പോവുന്നുണ്ട്.

അവരോട് വിളിച്ചു പറഞ്ഞാലോ... എന്റെ അമ്മമ്മ ഇനിയും വന്നിട്ടില്ല.

പിന്നെയും നേരം പോകുന്നു.

ഇരുട്ടാവുന്നു.

അവൾ ഇഴഞ്ഞിഴഞ്ഞു ചെന്ന് ഒരു വിളക്ക് കത്തിച്ചു. ഒന്ന് പുറത്തിറങ്ങി നോക്കാം എന്നുവെച്ചാൽ വാതിൽ പുറത്തുനിന്ന് പൂട്ടിയിട്ടാണ് അമ്മമ്മ പോവുക. തിരിച്ചുവന്നാലേ തുറക്കൂ.

ചിഞ്ചു മുറിയുടെ ഒരു മൂലയിൽ ചെന്നിരുന്നു.

കുറുക്കന്മാർ ഓരിയിടുന്നുണ്ട്. ചീവീടുകൾ കൂട്ടംകൂട്ടമായി കരയുന്നുണ്ട്.

കുറ്റിക്കാട്ടിലൂടെ എന്തൊക്കെയോ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുപോവുന്നതിന്റെ ഒച്ചകൾ കേൾക്കുന്നുണ്ട്.

ചിഞ്ചു കാൽമുട്ടുകൾക്കിടയിൽ മുഖം പൂഴ്ത്തി ഒച്ചയില്ലാതെ കരയാൻ തുടങ്ങി.

പെട്ടെന്ന് ആരോ വിളിക്കുന്നതുപോലെ ചിഞ്ചുവിന് തോന്നി.

ഒരു ചൂട്ടിന്റെ വെളിച്ചം ജാലകത്തിലൂടെ വരുന്നു.

മോളേ... ചിഞ്ചുമോളേ...

അവൾ പെട്ടെന്ന് മുഖമുയർത്തി. അത് അമ്മമ്മയുടെ ശബ്ദമാണ്.

ചിഞ്ചു വേഗത്തിൽ ജാലകത്തിനടുത്തേക്ക് ഇഴഞ്ഞെത്തി. ജാലകത്തിന്റെ അഴികൾ പിടിച്ച് നിവർന്നുനിന്നു. പുറത്തെയിരുട്ടിൽ ചൂട്ടുവെളിച്ചം കണ്ട ദിക്കിലേക്ക് തുറിച്ചു നോക്കി.

തുണിസഞ്ചി നെഞ്ചോടു ചേർത്തു പിടിച്ച് ചൂട്ടുവീശി നടന്നും ഓടിയും വരികയാണ് അമ്മമ്മ.

അവൾക്ക് സങ്കടം അടക്കാനായില്ല. അവൾ നീട്ടിവിളിച്ചു: അമ്മമ്മേ...!

അമ്മമ്മയെ കെട്ടിപ്പിടിച്ച് അവൾ കുറെ നേരം കരഞ്ഞു.

വരുന്ന വഴിക്ക് അമ്മമ്മയൊന്ന് വീണുപോയി. കുറേനേരം ബോധമില്ലാതെ കിടന്നു. അതാ വരാൻ വൈകിയത്.

അവളപ്പോൾ ഒന്നുകൂടെ അമ്മമ്മയെ മുറുകെ പിടിച്ചു.

(തുടരും)



## ആറൻമുള കണ്ണാടി

**കേ**രളത്തിൽ നിന്ന് 2004-ൽ ഭൗമസൂചിക പദവി നേടിയ ആദ്യ ഉൽപന്നമായ ആറൻമുള കണ്ണാടി ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആറൻമുള എന്ന ഗ്രാമത്തിൽ പരമ്പരാഗതമായി നിർമിച്ചുവരുന്ന കണ്ണാടിയാണിത്. രസം ഉപയോഗിച്ച് ഉണ്ടാക്കുകയും ചില്ലിന്റെ ഒരു വശത്ത് മെർക്കുറിയോ മറ്റു രാസവസ്തുക്കളോ പൂശി അതിൽ പതിക്കുന്ന പ്രകാശമെല്ലാം പുറത്തേക്ക് പ്രതിഫലിക്കുന്ന രീതിയിൽ ക്രമീകരിച്ചാണ് സാധാരണ കണ്ണാടികൾ ഉണ്ടാക്കുന്നത്. എന്നാൽ ആറൻമുള കണ്ണാടി ഈ രീതിയിലല്ല നിർമിക്കുന്നത്. ചില പ്രത്യേക ലോഹങ്ങൾ പ്രത്യേക അനുപാതത്തിൽ മൂശയിൽ ഉരുക്കി വാർത്തെടുക്കുന്നതാണത്.